# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 20, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും |
| രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ

*241 ശ്രീ. എ.പ്രദീപ് കുമാർ
,, കോലിയക്കോട് എൻ കൃഷ്ണൻ നായർ
,, ജി.സുധാകരൻ
,, ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിന് മുന്നോടിയായി നടക്കാറുള്ള വകുപ്പുതലയോഗങ്ങളും അദ്ധ്യാപക സംഘടനാപ്രതിനിധികളുടെ യോഗവും ഈ വർഷം നടക്കുകയുണ്ടായോ;

(ബി) സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) അക്കാദമിക് ചുമതലയുള്ള അഡീഷണൽ ഡി.പി.ഐ ഉൾപ്പെടെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെയും പ്രധാനാദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും ഒഴിവുകൾ നികത്താൻ കഴിയാത്തത്, പുതിയ അധ്യയന വർഷത്തിൽ തന്നെ വിദ്യാലയ നടത്തിപ്പി

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

നേയും കുട്ടികളുടെ പഠനത്തേയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്; യൂണിഫോം വിതരണം ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; മുൻവർഷത്തെ രീതി എന്തായിരുന്നു?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വരൾച്ചാ നാശനഷ്ടം</u>

*242 ശ്രീ. കെ. ദാസൻ
,, പി.കെ. ഗുരുദാസൻ
,, സി.കെ. സദാശിവൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വരൾച്ചയിൽ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുളളതെന്ന് പറയാമോ;

(ബി) കേന്ദ്ര സർക്കാർ ഇതിൽ എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്ന് പറയാമോ;

(സി) യഥാർത്ഥ നാശനഷ്ടങ്ങൾ കേന്ദ്ര സർക്കാർ പൂർണ്ണമായും അംഗീകരിക്കാതിരിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത നാശനഷ്ടങ്ങൾ കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിൽ എന്തെങ്കിലും പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണം</u>

*243 ശ്രീ. അൻവർ സാദത്ത്
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>തൊണ്ടു സംഭരണ പദ്ധതി</u>

*244

ശ്രീ. സണ്ണി ജോസഫ്
,, വര്‍ക്കല കഹാര്‍
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തൊണ്ടു സംഭരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൊണ്ടു സംഭരണ പദ്ധതി പരിഷ്ക്കരിക്കാന്‍ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി</u>

*245 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. സുരേഷ്കുറുപ്പ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) കൈവശ ഭൂമി സംബന്ധിച്ച് പ്രസ്തുത കമ്പനി വ്യാജരേഖകൾ ഹാജരാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എന്തെങ്കിലുമെടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമി കൂടാതെ വന ഭൂമിയും വ്യാജ രേഖ ചമച്ച് ബാങ്കുകൾക്ക് പണയപ്പെടുത്തി ഭീമമായ തുക നേടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ:

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പിനെതിരെ നടപടി

*246 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവയ്ക്കുന്നതിനെതിരെ പരിശോധനകളും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

കയർ മേഖലയെ സംരക്ഷിക്കുന്നതിന് പദ്ധതി

*247 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, കെ. അജിത്
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കയർ മേഖലയിലെ തൊഴിലാളികൾക്കും ചെറുകിട വ്യവസായികൾക്കും പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വായ്പയടക്കാൻ മാർഗ്ഗമില്ലാതെ ജപ്തി ഭീഷണി നേരിടുന്ന ചെറുകിട കയർ ഫാക്ടറിക്കാരെ സഹായിക്കാൻ എന്തെങ്കിലും നടപടികളുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>തണ്ണീര്‍ത്തടങ്ങള്‍ നികത്തുന്നതിനെതിരെ നടപടി</u>

*248 ശ്രീ. പി. ബി. അബ്ദുള്‍ റസാക്
,, റ്റി. എ. അഹമ്മദ് കബീര്‍
,, പി. കെ. ബഷീര്‍
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്‍വയലുകളും, തണ്ണീര്‍തടങ്ങളും നികത്തുന്നതിനുള്ള നിരോധനം നിലവിലുണ്ടെങ്കിലും നികത്തല്‍ പ്രക്രിയ വന്‍തോതില്‍ നിര്‍ബാധം നടക്കുന്ന കാര്യം ഗൗരവപൂര്‍വ്വം വീക്ഷിക്കുന്നുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ സ്വീകരിച്ചു വരുന്ന നടപടിക്രമം വിശദമാക്കാമോ ;

(ബി) സംസ്ഥാനം നേരിടുന്ന ശുദ്ധജലക്ഷാമത്തിന് കുന്നുകളിടിച്ചുള്ള നിലം, ചതുപ്പുകള്‍ എന്നിവയുടെ നികത്തലിന് നിര്‍ണ്ണായക പങ്കുണ്ടെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ചില സാമൂഹ്യ രാഷ്ട്രീയ പോഷക സംഘടനകള്‍, തണ്ണീര്‍ത്തട സംരക്ഷകരായി രംഗത്തു വന്നിട്ട് ഭൂമാഫിയയുമായി ഒത്തുകളിച്ച് നികത്തലിന് കൂട്ടു നില്ക്കുന്ന സ്ഥിതി വിശേഷം തദ്ദേശവാസികള്‍ക്കു പോലും ഭീഷണിയുയര്‍ത്തുന്ന കാര്യം പരിശോധിക്കുമോ ;

(ഡി) സമൂഹനിലനില്പിനു തന്നെ ഭീഷണിയാവുന്ന ഈ വിഷയത്തില്‍ ഫലപ്രദമായ നടപടികള്‍ സത്വരം സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

പൊതുവിതരണ ശ്രൃഖല ശക്തമാക്കുന്നതിന് നടപടികൾ

*249 ശ്രീ. എം.എ. ബേബി
ശ്രീമതി. കെ. കെ. ലതിക
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ല എന്നത് പരിശോധിക്കുകയുണ്ടായോ; എങ്കിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിന് കാര്യക്ഷമമായ നടപടിയില്ലാത്തത് വിലക്കയറ്റത്തിന് ആക്കം കൂട്ടിയിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) നാമമാത്രമായി നടക്കുന്ന റെയ്ഡുകളിൽ പിടിച്ചെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സിവിൽസപ്ലൈസ് ഉദ്യോഗസ്ഥർ ഇടപെട്ടു നിസ്സാര പിഴ ഈടാക്കി വിട്ടുകൊടുക്കുന്നു എന്ന അവസ്ഥ നിലനിൽക്കുന്നുണ്ടോ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഇ) പൊതുമാർക്കറ്റിൽ വിലകുതിക്കുമ്പോഴും സിവിൽ സപ്ലൈസിന്റെ പൊതുവിതരണ കേന്ദ്രങ്ങളിൽ അവശ്യവസ്തുക്കൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സിവിൽ സപ്ലൈസ് കോർപ്പറേഷന് കഴിഞ്ഞ സാമ്പത്തിക വർഷം മാർക്കറ്റിൽ ഇടപെടുന്നതിന് പ്രത്യേക സഹായം നൽകുകയുണ്ടായോ;

(എഫ്) പൊതുവിതരണ ശൃംഖല ശക്തമാക്കുന്നതിനും വില കുറച്ച് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും കൂടുതൽ ഫണ്ടു നൽകാൻ തയ്യാറാകുമോ; ഈ ഇനത്തിൽ കോർപ്പറേഷന് ലഭിക്കുവാനുള്ള കുടിശ്ശിക എത്രയാണ്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അരിവില വര്‍ദ്ധനവ് തടയുന്നതിന് നടപടികള്‍</u>

*250 ശ്രീ. എം. ചന്ദ്രന്‍
,, വി. ശിവന്‍കുട്ടി
,, എം. ഹംസ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരിവില വന്‍തോതില്‍ വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വില വര്‍ദ്ധനയോടൊപ്പം അരിക്ഷാമവും ഉണ്ടാകാനിടയുണ്ടെന്ന സപ്ലൈകോയുടെ റിപ്പോര്‍ട്ടു ലഭിച്ചിട്ടുണ്ടോ;

(ബി) ആന്ധ്ര ഉള്‍പ്പെടെയുള്ള അന്യ സംസ്ഥാനങ്ങളില്‍ നിന്നും യഥാസമയം അരിയെത്തിക്കുന്നതില്‍ വീഴ്ച വന്നിട്ടുണ്ടോ; ഇതിനിടയായ സാഹചര്യം എന്താണ്; റെയില്‍ വാഗണ്‍ ലഭിക്കാത്തത് സംസ്ഥാനത്തേക്കുള്ള അരിവരവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) കര്‍ഷകരില്‍ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി റേഷന്‍കടകള്‍ വഴി വിതരണം ചെയ്യുന്നതില്‍ സപ്ലൈകോയ്ക്ക് സംഭവിച്ചിട്ടുള്ള പാളിച്ച പൊതുമാര്‍ക്കറ്റില്‍ അരിവില വര്‍ദ്ധനവുണ്ടാക്കാനിടയാക്കിയിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) റേഷന്‍ കടകളിലൂടെ വിതരണത്തിനുള്ള അരി കരിഞ്ചന്തയിലേക്ക് ഒഴുകുന്നത് തടയാന്‍ കഴിയാത്തതും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുള്ള കാര്യവും പരിശോധിക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതല്‍ അരി എത്തിച്ചും, കരിഞ്ചന്ത തടഞ്ഞും അരിക്ഷാമവും വിലവര്‍ദ്ധനയും തടയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതി</u>

*251 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
'' പി. സി. വിഷ്ണുനാഥ്
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റി മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കയർപിരി മേഖലയിൽ തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകുവാൻ പദ്ധതി</u>

*252 ശ്രീ. ആർ. സെൽവരാജ്
,, എം. എ. വാഹീദ്
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർപിരി മേഖലയിൽ തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകുവാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>കയർ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ പദ്ധതി</u>

*253 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നിന്ന് പിന്തിരിയൽ</u>

*254 ശ്രീ. ജെയിംസ് മാത്യു
ഡോ. കെ. ടി. ജലീൽ
ശ്രീ. ആർ. രാജേഷ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നിന്ന് പിന്തിരിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സർക്കാർ നയം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് പുതിയ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരം സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ എത്ര സി.ബി.എസ്.ഇ. സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ഇപ്പോൾ അനുവദിച്ചതെത്ര;

(ഡി) സംസ്ഥാനത്ത് നിരവധി പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ കൂടുതൽ സി.ബി.എസ്.ഇ. സ്കൂളുകൾ അനുവദിക്കുന്നത് സർക്കാർ-എയിഡഡ് സ്കൂൾ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രവർത്തനം</u>

*255 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1000 കി. മീറ്റർ റോഡുകളുടെ നിലവാരമുയർത്തുന്നതിന്റെ ഭാഗമായി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള ഫണ്ട് ഏതെല്ലാം വിധത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ട റോഡുകളുടെ കാര്യത്തിൽ മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ലബ്ബാ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് നടപടി</u>

*256 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനത്തിനായി ലബ്ബാ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏത് അദ്ധ്യയന വർഷം മുതലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കേരള ഭൂപരിഷ്കരണ നിയമ ഭേദഗതി</u>

*257 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്യുവാൻ പോകുന്നുവെന്ന് വകുപ്പ് മന്ത്രി പ്രസ്താവിച്ചത് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ;

(ബി) എന്തെല്ലാം ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യപ്പെടേണ്ട മിച്ചഭൂമി മുൻ ഉടമസ്ഥരിൽ തന്നെ നിക്ഷിപ്തമാക്കി കൊടുക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>കയ്യേറ്റഭൂമി കണ്ടെത്തി മിച്ചഭൂമി പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ</u>

*258 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ബി. സത്യൻ
,, ബാബു എം. പാലിശ്ശേരി
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്യേറ്റ ഭൂമി കണ്ടെത്തി മിച്ചഭൂമി പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതുവരെ എത്ര ഹെക്ടർ ഭൂമി ഇത്തരത്തിൽ മിച്ചഭൂമിയായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നിർദ്ദിഷ്ട ആറന്മുള വിമാനത്താവളത്തിനായി അനധികൃതമായി വാങ്ങിക്കൂട്ടിയ മിച്ചഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) പ്രസ്തുത മിച്ചഭൂമി വാങ്ങിക്കൂട്ടിയതും തണ്ണീർത്തടങ്ങൾ ചട്ടവിരുദ്ധമായി നികത്തിയതും സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നോ;

(ഇ) ലാന്റ് റവന്യൂ കമ്മീഷണറെ തൽസ്ഥാനത്തുനിന്നും മാറ്റുകയുണ്ടായോ; സ്ഥലംമാറ്റത്തിലേക്ക് നയിച്ച സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവര്‍ത്തനം</u>

*259 ശ്രീ. കെ. വി. വിജയദാസ്
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, രാജു എബ്രഹാം
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; അതോറിറ്റിയുടെ ജില്ലാതലത്തിലുള്ള പ്രവര്‍ത്തനം സജീവമാക്കാന്‍ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തിന് നേരിടേണ്ടിവന്ന ദുരിതങ്ങളില്‍ അതോറിറ്റിക്ക് എത്രമാത്രം ഇടപെടാന്‍ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാലവര്‍ഷം ശക്തിപ്രാപിച്ചുവരുന്ന സാഹചര്യത്തില്‍ മത്സ്യബന്ധനത്തിലേര്‍പ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാന്‍ അതോറിറ്റി എന്തെങ്കിലും മുന്‍കരുതല്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രകൃതിക്ഷോഭം, ഉരുള്‍പൊട്ടല്‍ തുടങ്ങിയ ദുരന്തങ്ങള്‍ സംബന്ധിച്ച് അതോറിറ്റി പഠനം നടത്തിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തെങ്കിലും റിപ്പോര്‍ട്ടുകള്‍ ലഭിച്ചിട്ടുണ്ടോ; അടിയന്തിര ഘട്ടം നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങള്‍ നടത്തിയിട്ടുണ്ടോ;

(ഇ) മതിയായ ഫണ്ടിന്റെ അപര്യാപ്തത അതോറിറ്റിയുടെ പ്രവര്‍ത്തനത്തെ ബാധിച്ചിട്ടുണ്ടോ; ഇതിന് കേന്ദ്ര സഹായം അഭ്യര്‍ത്ഥിച്ചിരുന്നോ; എങ്കില്‍ തേടിയ കേന്ദ്ര സഹായം, ലഭിച്ച തുക, സംസ്ഥാന വിഹിതം എന്നിവയുടെ വിശദാംശം നല്‍കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഭക്ഷണ സാധനങ്ങളുടെ വില</u>

*260 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ അളവും വിലയും ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാചകം ചെയ്ത ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് ഇവ ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് പ്രവേശന നടപടി ക്രമത്തിലെ മാറ്റങ്ങൾ</u>

*261 ശ്രീ. ഇ. പി. ജയരാജൻ
,, ജി. സുധാകരൻ
,, പി. റ്റി. എ. റഹീം
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശന നടപടിക്രമത്തിൽ എന്തെല്ലാം മാറ്റങ്ങൾക്കുവേണ്ടിയാണ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സർക്കാരിനെ സമീപിച്ചിരിക്കുന്നത്;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം; ഇതിനു മുമ്പായി ഉന്നത വിദ്യാഭ്യാസരംഗത്തെ വിദഗ്ദ്ധർ, യൂണിവേഴ്സിറ്റികൾ, വിദ്യാർത്ഥി സംഘടനാപ്രതിനിധികൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തിയിരുന്നുവോ;

(സി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് മുമ്പ് പ്രോസ്പെക്ടസിൽപ്പറഞ്ഞ യോഗ്യത സംബന്ധിച്ച ചട്ടങ്ങളിലെ മാറ്റങ്ങൾ എന്തെല്ലാമാണ്; അതുവഴി മാനേജ്മെന്റുകൾക്ക് ഇത്തവണ എത്ര സീറ്റുകളിലേക്ക് കൂടുതലായി വിദ്യാർത്ഥികളെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സ്വകാര്യമാനേജ്മെന്റുകളുടെ ഇത്തരം ആവശ്യങ്ങൾ ഗൗരവമായി പരിഗണിക്കാതെ അനുവദിച്ചു കൊടുക്കുക വഴി ഉന്നത വിദ്യാഭ്യാസത്തിന്റെ മൂല്യം തകരുകയാണെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>സ്കൂളുകളിൽ പോഷകാഹാര, പ്രഭാത - ഉച്ചഭക്ഷണ പരിപാടി</u>

*262 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
,, കെ. രാജു
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാര പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് എന്തെല്ലാമാണ് നൽകിവന്നിരുന്നത്; നിറുത്തിവച്ച ഈ പദ്ധതി ഈ അദ്ധ്യയനവർഷം മുതൽ വീണ്ടും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ നൽകി തുടങ്ങും; ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്ന പദ്ധതി ഈ അദ്ധ്യയനവർഷം എന്നാണാരംഭിക്കുന്നത്; ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; പ്രഭാത ഭക്ഷണത്തിലും ഉച്ചഭക്ഷണത്തിലും നിഷ്കർഷിക്കുന്ന വിഭവങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പോഷകാഹാര, പ്രഭാത - ഉച്ചഭക്ഷണ പരിപാടി സ്കൂളുകളിൽ വിജയകരമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഓപ്പറേഷൻ വെറ്റ്ലാൻഡ്സ് പ്രവർത്തനം

*263 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ വെറ്റ്ലാൻഡ്സ് പ്രവർത്തനം എത്രമാത്രം ശക്തമാണ് ;

(ബി) ഈ പ്രവർത്തനത്തിലൂടെ അനധികൃതമായ നിലംനികത്തൽ കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ;

(സി) ഇതിന്റെ വെളിച്ചത്തിൽ നികത്തപ്പെട്ട വയലുകളും തണ്ണീർത്തടങ്ങളും വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) അനധികൃമായ നിലംനികത്തലുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>സപ്ലൈകോ വിപണന കേന്ദ്രങ്ങളോടനുബന്ധിച്ച്</u>
<u>റേഷൻ കടകൾ</u>

*264 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വിപണന കേന്ദ്രങ്ങളോടനുബന്ധിച്ച് റേഷൻ കടകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>റേഷൻ ഷോപ്പുകളുടെ കമ്പ്യൂട്ടറൈസേഷൻ</u>

*265 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബി.പി.എൽ/എ.പിഎൽ വിഭാഗക്കാർക്ക് ഒരു മാസത്തേയ്ക്ക് അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളും അവയുടെ അളവും തൂക്കവും വിലയും വേർതിരിച്ച് വ്യക്തമാക്കുമോ;

(ബി) റേഷൻ സാധനങ്ങൾ വാങ്ങുമ്പോൾ നിർബന്ധമായും ബില്ല് കൊടുക്കണം എന്ന് നിയമമുണ്ടോ; ഉണ്ടെങ്കിൽ ആയത് പാലിക്കപ്പെടാത്ത ഡീലർമാർക്കെതിരെ നടപടിയെടുക്കുമോ;

(സി) റേഷൻ വ്യാപാരികൾക്ക് പൊതു അവധി കൂടാതെ എതെല്ലാം ദിവസങ്ങൾ ഒഴിവു ദിനങ്ങളാണ്;

(ഡി) റേഷൻ ഷോപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സർവ്വകലാശാലകൾ</u>

*266 ഡോ. ടി.എം. തോമസ് ഐസക്
,, കെ.ടി. ജലീൽ
ശ്രീ. റ്റി.വി. രാജേഷ്
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനറിപ്പോർട്ട് ലഭിക്കുകയുണ്ടായോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനം അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ പോരായ്മകൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ;

(ഡി) സ്വകാര്യ സർവ്വകലാശാലകളും, സ്വയംഭരണ കോളേജുകളും അനുവദിക്കുന്നത് സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്ക് വഴിവയ്ക്കുമെന്നതിനാൽ ഇത്തരം നീക്കങ്ങളിൽനിന്നും പിൻമാറാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് ഓരോ ജില്ലയിലും കണ്ടെത്തിയ ഭൂമി</u>

*267 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചതെന്നാണ്; പദ്ധതിക്കാവശ്യമായ സ്ഥലം എല്ലാ ജില്ലകളിലും കണ്ടെത്താൻ കളക്ടർമാർക്ക് നൽകിയ നിർദ്ദേശപ്രകാരം ഇതുവരെ ഓരോ ജില്ലയിലും കണ്ടെത്തിയ ഭൂമി എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ഭൂമി കണ്ടെത്താൻ ജില്ലാതലങ്ങളിൽ വീഴ്ച വന്നിട്ടുള്ളതായി സ്പെഷ്യൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ സ്പെഷ്യൽ ആഫീസറുടെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വിവിധ വകുപ്പുകളുടെ കൈവശമിരിക്കുന്ന ഉപയോഗയോഗ്യമല്ലാത്ത ഭൂമി കണ്ടുപിടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ എത്ര പേർക്ക് ഭൂമി നൽകാനാണ് തീരുമാനിച്ചിരുന്നത്; ഇവർക്ക് ഇനി എന്നത്തേയ്ക്ക് ഭൂമി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ദേശീയ പാതകൾ ടോളില്ലാതെ വികസിപ്പിക്കാൻ നടപടി</u>

*268 ശ്രീ. വർക്കല കഹാർ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാതകൾ ടോളില്ലാതെ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം ധനസഹായമാണ് കേന്ദ്രം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി മേഖലയിൽ പരിഷ്കാരങ്ങൾ</u>

*269 ശ്രീ. രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിഗണിക്കുകയുണ്ടായോ; ഇതിന്മേൽ കൈക്കൊണ്ട തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം ഹയർസെക്കന്ററി മേഖലയിൽ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

കേരള ദേശീയപാത വികസന പദ്ധതി

*270 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി.കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ദേശീയപാത വികസന പദ്ധതിയിൽനിന്നും ദേശീയപാതാ അതോറിറ്റി പിൻവാങ്ങുമെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ദേശീയ പാതാ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടുള്ള വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുത്ത് നൽകുന്നത് ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിരോധന ഉത്തരവുകൾ കോടതിയിൽനിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 11.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.